# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4006** — **11.11.2019 – ൽ മറുപടിക്ക്.**

## ഭക്ഷ്യ ഗോഡൗണുകളിൽ ജനപ്രതിനിധികൾ ഉൾപ്പെടുന്ന സമിതി പരിശോധന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.ടി.ബൽറാം :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്തു കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളിൽ പൂപ്പൽ ബാധയും പുഴുക്കളുള്ളതും ഉപയോഗപ്രദമല്ലാത്തവയും ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ചില അവസരങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിതരണ യോഗ്യമല്ലാത്ത റേഷൻ ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിലെത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട് ചെയ്ത് സ്റ്റോക്ക് മാറ്റിയെടുക്കുന്നതിനും, അല്ലാത്തപക്ഷം അത്തരത്തിലുള്ള സ്റ്റോക്കിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട റേഷൻ വ്യാപാരി കളുടെ വ്യക്തിഗത ബാദ്ധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും, റേഷൻ കടകളിലൂടെ വിതരണയോഗ്യമല്ലാത്ത ഭക്ഷ്യധാന്യങ്ങൾ വിൽക്കാൻ പാടില്ലെന്നും കാണിച്ച് വ്യാപാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ 2 റേഷൻ കടകൾ സസ്പെന്റ് ചെയ്യുകയും, ഒരു റേഷൻ കടയ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലും ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>നോർത്ത് പറവൂർ താലൂക്കിലെ ഒരു റേഷൻ കടയിൽ വിതരണം ചെയ്ത മട്ട അരിയിൽ പുഴുക്കളുണ്ടെന്ന പരാതിയിൻമേൽ അവ മാറ്റി നൽകുകയും, ടി അരി മില്ലിലേയ്ക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എഫ്.സി.ഐ വഴി ലഭിച്ച ഗോതമ്പിൽ ചില അവസര ങ്ങളിൽ പ്രാണികളെ കണ്ടെത്തുകയും അത്തരത്തിലുള്ള സ്റ്റോക്ക് മാറ്റി നൽകിയിട്ടുമുണ്ട്.<br>തൃശ്ശൂർ താലൂക്കിൽ ഒരു റേഷൻ കടയിൽ ഇത്തരത്തിലുള്ള ഭക്ഷ്യധാന്യങ്ങൾ കണ്ടെത്തിയതിൽ, ടി കടയുടെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.<br>തിരൂരങ്ങാടി താലൂക്കിൽ 407 ചാക്ക് ഗുണനിലവാരം കുറഞ്ഞ അരി കണ്ടെത്തുകയും ആയത് |

എൻ.എഫ്.എസ്.എ ഗോഡൗണിലേയ്ക്ക് തിരിച്ചയയ്ക്കുകയും ടി സ്റ്റോക്ക് മാറ്റി നൽകുന്നതിന് എഫ്.സി.ഐ ഏരിയാ മാനേജർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഫറോക്കിലെ എൻ.എഫ്.എസ്.എ ഗോഡൗണിലെ പൂപ്പൽ ബാധയും, പുഴക്കളുള്ളതുമായ 533.95 കി.ഗ്രാം അരി നശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| **(ബി)** ഉപയോഗയോഗ്യമല്ലാത്ത ആയിരക്കണക്കിന് മെട്രിക് ടൺ ഭക്ഷ്യ വസ്തുക്കൾ സംഭരിച്ചിരിക്കുന്ന ഗോഡൗണുകളിൽ ജനപ്രതിനിധികൾ ഉൾപ്പെടുന്ന സമിതി രൂപീകരിച്ച് പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | **(ബി)** ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ വകുപ്പ് 29 പ്രകാരം ജനപ്രതിനിധികൾ ഉൾപ്പെടുന്ന സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തലങ്ങളിലുള്ള വിജിലൻസ് സമിതികൾ രൂപീകരിച്ച് വരുന്നു. |
| **(സി)** ഇത്തരത്തിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടം സംസ്ഥാനത്തിനുണ്ടാകുമെന്നതിനാൽ ആയതിന് ഉത്തരവാദികളായവരെ കണ്ടെത്തി അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | **(സി)** ഉത്തരവാദികളായ ജീവനക്കാർക്കെതിരെ വേലവിലക്ക്, സ്ഥലം മാറ്റം, ബാധ്യത ഈടാക്കൽ തുടങ്ങിയ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>1) ആർപ്പൂക്കര JMJ റൈസ് മിൽ 09.01.2017, 10.01.2017 തീയതികളിൽ പരിശോധന നടത്തി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരി ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പാഡി മാർക്കറ്റിംഗ് ഓഫീസറായിരുന്ന ശ്രീ.എൻ.എം.സുധീർ (അഗ്രിക്കൾച്ചർ ഓഫീസർ, കൃഷി വകുപ്പിൽ നിന്നും അന്യത്ര സേവനത്തിൽ) -നെ വേലവിലക്കിയിട്ടുണ്ട്.<br><br>2) സപ്ലൈകോ വിജിലൻസ് ഓഫീസർ 21.08.2019-ൽ ചങ്ങനാശ്ശേരി എൻ.എഫ്.എസ്.എ ഡിപ്പോയിൽ നടത്തിയ പരിശോധനയിൽ 2018 ആഗസ്റ്റിലെ പ്രളയത്തിൽ കേടായ അരി നശിപ്പിച്ചുകളയാതെ സൂക്ഷിച്ചതുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി ഡിപ്പോ മാനേജർ ആയിരുന്ന ശ്രീ.പി.ബി.അജിയെ 26.08.2019 മുതൽ വേലവിലക്കി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**